# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 18

# വാർത്താക്കുറിപ്പ്

---

**പരീക്ഷാഫലം**

2018 മെയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ ബി.എ. സി.ബി.സി.എസ്.എസ്. പ്രൈവറ്റ് (മോഡൽ - I) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് രണ്ടു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/325/2019)

2018 മെയിൽ സ്‌കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ (അങ്കമാലി സെന്റർ) നടന്ന രണ്ടാം വർഷ ബി.എസ്‌സി. മെഡിക്കൽ ലബോറട്ടറി ടെക്‌നോളജി സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/326/2019)

2018 നവംബറിൽ സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ ബിഹേവിയറൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (പാർട്ട് ടൈം - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/327/2019)

2018 നവംബറിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ നടന്ന പി.എച്ച്.ഡി. കോഴ്‌സ് വർക്ക് (സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/328/2019)

2018 ഒക്‌ടോബറിൽ നടന്ന ആറ്, അവസാന സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് രണ്ടു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/329/2019)

**അഫിലിയേറ്റഡ് കോളേജുകൾക്കുള്ള**
**പരിശീലന പരിപാടി നാളെ (20.02.2019)**

മഹാത്മാ ഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള അധ്യാപക-അനധ്യാപക ജീവനക്കാർക്കുള്ള പരിശീലന പരിപാടി നാളെ (20.02.2019) നടക്കും. സർവകലാശാല അസംബ്ലി ഹാളിൽ രാവിലെ 9.45 മുതൽ 12.45 വരെ നടക്കുന്ന പരിശീലന പരിപാടി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റ് പരീക്ഷാ സമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് അധ്യക്ഷത വഹിക്കും. സിസ്റ്റം അഡ്മിനിസ്‌ട്രേഷൻ വിഭാഗം, പരീക്ഷാ മോണിറ്ററിംഗ് സെൽ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും സിൻഡിക്കേറ്റ് അംഗങ്ങളും പങ്കെടുക്കും. രാവിലെ ഒൻപതു മുതൽ 9.45 വരെയാണ് രജിസ്‌ട്രേഷൻ.

(പി.ആർ.ഒ./39/330/2019)

**എം.ഫിൽ കമ്പ്യൂട്ടർ സയൻസ് പ്രവേശന പരീക്ഷ 20ന്**

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് പ്രവേശനത്തിന് അപേക്ഷിച്ചവർക്കുള്ള പ്രവേശന പരീക്ഷ ഫെബ്രുവരി 20ന് രാവിലെ 10ന് നടക്കും. സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടക്കുന്ന എഴുത്തുപരീക്ഷയിലും അഭിമുഖ പരീക്ഷയിലും

പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റിനൊപ്പം അസ്സൽ സർട്ടിഫിക്കറ്റുകൾ, മാർക്ക്‌ലിസ്റ്റുകൾ സഹിതം ഹാജരാകണം. ഫോൺ: 0481 - 2731037.

(പി.ആർ.ഒ./39/331/2019)

**എം.ജി. സർവകലാശാല യൂണിയൻ**

**ജനാധിപത്യോത്സവം ഇന്നു മുതൽ (ഫെബ്രുവരി 19)**

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ സംഘടിപ്പിക്കുന്ന ജനാധിപത്യോത്സവം ഇന്നു മുതൽ (ഫെബ്രുവരി 19) 21 വരെ നടക്കും. 'അരുതുകളുടെ കാലത്ത് അതിരില്ലാത്ത ഉത്സവം' എന്ന മുദ്രാവാക്യമുയർത്തി വിദ്യാർഥി റാലി, പൊതുസമ്മേളനം, തെരുവു നാടകം, സെമിനാറുകൾ, ചർച്ചാവേദി തുടങ്ങിയ പരിപാടികളാണ് ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുക. ഫെബ്രുവരി 19ന് ഉച്ചകഴിഞ്ഞ് 3.30ന് ചങ്ങനാശ്ശേരി എസ്.ബി.കോളേജിന് സമീപം 'മാധ്യമങ്ങളുടെ രാഷ്ട്രീയം' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ യുവധാര എഡിറ്റർ ജെയ്ക്ക് സി. തോമസ് ഉദ്ഘാടനം ചെയ്യും. 20ന് രാവിലെ 10ന് ചങ്ങനാശ്ശേരി മുനിസിപ്പൽ മിനി ഹാളിൽ 'കാമ്പസ്, ജനാധിപത്യം' എന്ന വിഷയത്തിൽ ചർച്ചാവേദി സംഘടിപ്പിക്കും. അഡ്വ. റെജി സഖറിയ ഉദ്ഘാടനം നിർവ്വഹിക്കും. അഡ്വ. മുഹമ്മദ് ഇബ്രാഹിം ചർച്ച നയിക്കും. 21ന് രാവിലെ 10.30ന് അമര പി.ആർ.ഡി.എസ്. കോളേജിൽ 'ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി' എന്ന വിഷയത്തിൽ ബി. ആനന്ദക്കുട്ടൻ പ്രഭാഷണം നടത്തും. ഫെബ്രുവരി 21ന് വൈകീട്ട് മൂന്നിന് ചങ്ങനാശ്ശേരിയിൽ വിദ്യാർഥി റാലിയും പൊതുസമ്മേളനവും നടക്കും. പൊതുസമ്മേളനം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യും.

(പി.ആർ.ഒ./39/332/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ